Feb : 13

# KGBEU OU ബുള്ളറ്റിൻ 12/2023

സഖാക്കളെ,

## വിഷയം:1) 29 OATD മാരെ സ്ഥിരപ്പെടുത്തി മുഴുവൻ ആനുകൂല്യ ങ്ങളും നൽകുക

2) അനാവശ്യ അക്കൗണ്ടബിലിറ്റി ചുമത്തുന്ന നടപടി പിൻവലിക്കുക

നമ്മുടെ ബാങ്കിൽ നീതിക്ക് നിരക്കാത്ത നിലയിൽ ജീവനക്കാരെ ശത്രുക്കളായി പ്രഖ്യാപിച്ചു കൊണ്ടാണ് മാനേജ്മെന്റ് മുന്നോട്ട് പൊയ്ക്കൊിരിക്കുന്നത്. മാനേജ്മെന്റിന്റെ ഇത്തരം തൊഴിലാളി വിരുദ്ധ നടപടികളിൽ സംഘടനയുടെ ആഭിമുഖ്യത്തിൽ ഹെഡ് ഓഫീസിനു മുന്നിൽ ശക്തമായി പ്രതിഷേധിച്ചു.

29 OATD മാരുടെ നിയമനം ശരിവച്ച് 22.12.2022 ന് ഹൈക്കോടതിയിൽ നിന്നും അനുകൂല വിധി വന്ന കാര്യം നാം നേരത്തെ അറിയിച്ചിരുന്നുവല്ലോ. നിയമനം നടന്ന് 11 വർഷം കഴിഞ്ഞാണ് അനുകൂലമായ അന്തിമ വിധി വന്നത്. അതിന്റെ സന്തോഷത്തിലിരുന്ന ജീവനക്കാരെയും അവരുടെ കുടുംബത്തിന്റെയും ജീവിതം വീണ്ടും ത്രിശങ്കുവിലാക്കിക്കൊണ്ട് ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ പോകാനാണ് ബാങ്ക് മാനേജ്മെന്റ് തീരുമാനിച്ചിരിക്കുന്നത്. ഇത് നേരത്തെയിരുന്ന ചെയർമാൻമാർ എല്ലാവരും സംഘടനയ്ക്ക് തന്ന ഉറപ്പ് ലംഘിക്കുന്നതുമാണ്. ഇതിൽ ഒരു ജീവനക്കാരൻ ഇതിനോടകം മരണപ്പെട്ടു കഴിഞ്ഞു. മറ്റൊരു ജീവനക്കാരൻ ഹൃദയസംബന്ധമായ അസുഖം കാരണം ദീർഘകാലമായി ആശുപത്രിവാസത്തിലുമാണ്. ഇനിയും കൂടുതൽ പേരുടെ നില വഷളാക്കാൻ ഉതകുന്ന തീരുമാനമാണ് മാനേജ്മെന്റ് കൈക്കൊണ്ടിരിക്കുന്നത്. ഇത്തവണ നടക്കുന്ന പ്രമോഷൻ പ്രോസസ്സിൽ പങ്കെടുക്കാൻ യോഗ്യരായവരാണ് ഇവരെല്ലാവരും. ആയതിനാൽ അപ്പീൽ പോകാനുള്ള മാനേജ്മെന്റ് തീരുമാനം ഉടൻ പിൻവലിച്ച് മുഴുവൻ ആനുകൂല്യങ്ങളും നൽകി 29 OATD മാർക്കും പ്രമോഷൻ പ്രോസസ്സിന്റെ ഭാഗമാകാനുള്ള അവസരം നൽകണം.

ഇതേ സമയത്ത് തന്നെ ജീവനക്കാരുടെ മേൽ അനാവശ്യ അക്കൗണ്ടബിലിറ്റി ചുമത്തി ലക്ഷങ്ങൾ ജീവനക്കാരിൽ നിന്നും കൊള്ളലാഭം ഈടാക്കാനും മാനേജ്മെന്റ് തുനിയുകയാണ്. excess interest ഈടാക്കിയത് തിരിച്ചു കൊടുക്കുമ്പോൾ അധികമായി ഈടാക്കിയ പലിശ മാത്രമായി തിരിച്ചു കൊടുക്കുന്നതിനു പകരം അതും ജീവനക്കാരിൽ നിന്നും ഊറ്റിയെടുക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ലക്ഷങ്ങളാണ് ചില ജീവനക്കാർക്ക് ചുമത്തിയിരിക്കുന്ന അക്കൗണ്ട

ബിലിറ്റി. ഒരു കാരണവശാലും ഇത്തരം നടപടി നമ്മുടെ സംഘടനയ്ക്ക് അംഗീകരിക്കാൻ കഴിയില്ല. ആയതിനാൽ എത്രയും പെട്ടെന്ന് ഈ നടപടി പിൻവലിച്ചില്ലെങ്കിൽ അതിശക്തമായ പ്രക്ഷോഭം നടത്താൻ നാം നിർബന്ധിതരാകും.

വരും നാളുകളിലെ സംഘടനാ ആഹ്വാനത്തിനായി സഖാക്കൾ തയ്യാറായിരിക്കണം എന്ന് അഭ്യർത്ഥിച്ചു കൊണ്ട്

അഭിവാദ്യങ്ങളോടെ,

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)